**പതിമൂന്നാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2896** **12.10.2011- ൽ മറുപടിയ്ക്ക്**

**കർഷകരുടെ വൈദ്യുതി ബിൽ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. രാജു | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| എ) കാർഷിക മേഖലയിലെ വൈദ്യുതി ഇളവുലഭിക്കുന്ന കർഷകരുടെ വൈദ്യുതി ബിൽ യഥാസമയം അടച്ചു നൽകാത്തതുമൂലം വൈദ്യുതി കണക്ഷൻ വിച്ഛേദിക്കുന്നത് കർഷകർക്ക് ഏറെ ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്നു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) വൈദ്യുതി ബിൽ യഥാസമയം അടയ്ക്കാത്തതു മൂലം വൈദ്യുതി കണക്ഷൻ വിച്ഛേദിക്കുന്ന സാഹചര്യം ഇപ്പോൾ നിലവിലില്ല. കാർഷിക മേഖലയിലെ വൈദ്യുതി ഇളവു ലഭിക്കുന്ന കർഷരുടെ ബിൽ അടയ്ക്കുന്നതിന് ആവശ്യമായ തുക അതതു വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തുന്നുണ്ട്. ബഡ്ജറ്റ് വിഹിതം തികയാതെ വരുന്ന സന്ദർഭത്തിൽ എസ്.ഡി.ജി. മുഖേനയും മറ്റും തുക ലഭിക്കുന്നതിന് നടപടികൾ സ്വീകരിക്കാറുണ്ട്. കാർഷിക സൗജന്യവൈദ്യുതി ഉപഭോക്താക്കളുടെ കുടിശ്ശിക തുക സംസ്ഥാന ബഡ്ജറ്റ് നിയമസഭയിൽ അംഗീകരിച്ചാൽ ഉടൻ തന്നെ മൊത്തമായി കെ.എസ്.ഇ.ബി.യിൽ അടക്കുന്നതിന് സർക്കാർ ജി.ഒ. (ആർ.റ്റി.) നം. 1562/2011/എഡി തീയതി 27.8.2011 പ്രകാരം അനുമതി നൽകിയിട്ടുണ്ട്. കണക്ഷൻ വിച്ഛേദിക്കുന്ന നടപടികൾ ശ്രദ്ധയിൽപ്പെട്ടാൽ ഉടനെ തന്നെ അത് പരിഹരിച്ച് വരാറുണ്ട്. |

| | | | |
|---|---|---|---|
| ബി) | കർഷകർ നേരിട്ട് വൈദ്യുതി ബിൽ അടച്ചാൽ പ്രസ്തുത തുക അവർക്ക് റീ-ഇംബേഴ്സ് ചെയ്തു നൽകുന്നകാര്യം പരിഗണിക്കുമോ? | ബി) | ഗുണഭോക്താക്കളായ കർഷകർ നേരിട്ട് കെ.എസ്.ഇ.ബി. യിൽ നിന്നും ലഭിക്കുന്ന ഇൻവോയിസിന്റെ അടിസ്ഥാനത്തിൽ തുക അടച്ച് തുടർന്ന് ബന്ധപ്പെട്ട കൃഷിഭവനിൽ നിന്നും തുക റീ-ഇംബേഴ്സ് ചെയ്യുന്ന രീതിയാണ് നിലനിന്നിരുന്നത്. എന്നാൽ ഈ സമ്പ്രദായം കർഷകർക്ക് ഏറെ ബുദ്ധിമുട്ടുകൾ ഉണ്ടാക്കുന്നുയെന്നുള്ള പരാതികൾ ഉണ്ടായ സാഹചര്യത്തിൽ കർഷകർക്ക് ബുദ്ധിമുട്ടുണ്ടാകാത്ത വിധം ലഘൂകരിച്ചുകൊണ്ട് സ.ഉ.(എം.എസ്.)30/99/കൃഷി. തിരുവനന്തപുരം തീയതി 4.2.99 അനുസരിച്ചുള്ള രീതി നിലവിൽ വന്നു. ഈ ഉത്തരവുപ്രകാരം കർഷകർ വൈദ്യുതി ഓഫീസിൽ പോകേണ്ടതില്ല. വൈദ്യുതി ചാർജ്ജ് സംബന്ധിച്ച് അതാതു മാസത്തെ ക്ലെയിം തയ്യാറാക്കി വൈദ്യുതി ബോർഡ് ബന്ധപ്പെട്ട കൃഷി ഭവനിൽ എത്തിക്കുകയും അപ്രകാരമുള്ള തുക കൃഷിഭവനിൽ നിന്നും നേരിട്ട് വൈദ്യുതി ബോർഡിൽ അടയ്ക്കുകയും ചെയ്യുന്ന രീതിയാണ് ഇപ്പോഴുള്ളത്. |

സെക്ഷൻ ഓഫീസർ